കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം കുന്നംകുളം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പി.കെ.ഉണ്ണിയുടെ പ്രൊബേഷൻ കാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.2203/2016/തസ്വഭവ. തീയതി : 22/07/2016, തിരുവനന്തപുരം.

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 28/05/2016 തിയതിയിലെ ഇ 3-24792/15 നമ്പർ കത്ത്.

ഉത്തരവ്

കുന്നംകുളം നഗരസഭയിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.പി.കെ.ഉണ്ണി, എൽ.ഡി.ക്ലാർക്ക് തസ്തികയിലെ പ്രബേഷൻ ഡിക്ലയർ ചെയ്യാതെ സേവനത്തിൽ തുടരുകയും 31/05/2015 ന് വിരമിക്കുകയുണ്ടായി. 01/08/1996 ന് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പി.കെ.ഉണ്ണിക്ക് 50 വയസ്സ് പൂർത്തിയാക്കിയതിന്റെ ആനുകൂല്യം അനുവദിച്ച് എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിന്ന് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ശ്രീ.പി.കെ.ഉണ്ണി എം ഒ പി ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ പ്രബേഷൻ ഡിക്ലയർ ചെയ്തിരുന്നില്ല. ശ്രീ.പി.കെ.ഉണ്ണി 06/02/2016 ന് മരണമടഞ്ഞ സാഹചര്യത്തിൽ 01/08/1996 ന് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പി.കെ.ഉണ്ണിയുടെ പ്രബേഷൻ 31/07/1999 നകം പൂർത്തിയാകാത്ത സാഹചര്യത്തിൽ മുൻകാല പ്രാബല്യത്തോടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നഗരകാര്യ ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു. 01/08/1996 ന് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പി.കെ.ഉണ്ണിയുടെ ജനന തീയതി 22/05/1959 എന്നും 50 വയസ്സ് പൂർത്തിയാകുന്ന തീയതി 22/05/2009 എന്നും ടിയാളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.കെ.ഉണ്ണിയുടെ സാധാരണ ഗതിയിലുള്ള നിരീക്ഷണകാലം 31/07/1998 വരെയാണ്. എന്നാൽ 01/08/1996 ന് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പി.കെ.ഉണ്ണി, എം ഒ പി ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ ടിയാൻ 21/05/2009 ന് 50 വയസ്സ് പൂർത്തിയാക്കിയ സാഹചര്യത്തിൽ KS&SSRs Part II, ചട്ടം 13 B പ്രകാരം വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽനിന്നും ടിയാനെ ഒഴിവാക്കിയശേഷം 22/05/2009 പൂർവ്വാഹ്നം പ്രാബല്യത്തിൽ ടിയാന്റെ നിരീക്ഷണകാലം 23/05/2009 വരെ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.ബിനുകുമാർ.

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(A&E /Audit),തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.